പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6025 08.07.2013 - ൽ മറുപടിയ്ക്ക്

**വിധവാ പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിധവാ പെൻഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) യും (ബി) യും | വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർ വിവാഹം ചെയ്തിട്ടില്ലാത്തവരുമായുള്ളവർക്ക് ഈ പെൻഷന് അർഹതയുണ്ട്. നിർദ്ദിഷ്ട ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ അർഹത സംബന്ധിക്കുന്ന റിപ്പോർട്ട് (വരുമാന സർട്ടിഫിക്കറ്റുൾപ്പെടെ) നിശ്ചിത ഫോറത്തിൽ ഗ്രാമ തലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നഗര പ്രദേശങ്ങളിൽ നഗരസഭ/മുനിസിപ്പാലിറ്റി സെക്രട്ടറി ചുമതലപ്പെടുത്തുന്ന റവന്യൂ ഇൻസ്‌പെക്ടർമാരും അന്വേഷിച്ച് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതും വാർഡ് അംഗത്തിന്റെ അഭിപ്രായത്തോടും അന്വേഷണ റിപ്പോർട്ടോടും കൂടി ലഭിക്കുന്ന അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതുമാണ്. |
| (ബി) | ആർക്കെല്ലാമാണ് പെൻഷന് അർഹതയുള്ളത്; വിശദാംശം അറിയിക്കുമോ ; | | |
| (സി) | വിധവാ പെൻഷൻ ലഭിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഈ സർക്കാർ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) യും (ഡി) യും | 04.06.2012-ലെ സ.ഉ.(എം.എസ്)നം. 35/12/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം വിധവാ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ, പുനർ വിവാഹം നടന്നിട്ടില്ലെന്ന സർട്ടിഫിക്കറ്റ് നിർബന്ധമില്ലെന്നും പകരം അപേക്ഷക പുനർ വിവാഹിതയല്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്നും ഉത്തരവായിട്ടുണ്ട്. |
| (ഡി) | വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള നിയമങ്ങളിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണത്തിന് എന്ന് മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | | |

R. Vijayesh

സെക്ഷൻ ഓഫീസർ